DWCD/6759/2025-ICDSB4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 11-11-2025
E-Mail:directorate.wcd@kerala.gov.in
dicdsb4@gmail.com
Phone No.0471–2346534

## പരിപത്രം

വിഷയം: വനിത ശിശുവികസന വകുപ്പ് – ഐസിഡിഎസ് – അങ്കണവാടി ജീവനക്കാരെ ബി എൽ ഓ ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോഴും ഇലക്ഷൻ പെരുമാറ്റച്ചട്ടക്കാലയളവിലും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്--

സൂചന: ഈ കാര്യാലയത്തിലെ 22.04.2024 ലെ DWCD/916/2024-ICDSB4 നമ്പർ കത്ത്

കേരള നിയമസഭാ / ലോകസഭ തെരഞ്ഞെടുപ്പിനായുള്ള വോട്ടർപട്ടികയുടെ പ്രത്യേക തീവ്രപുതുക്കൽ - 2026 സ്പെഷ്യൽ ഇൻറ്റെൻസീവ് റിവിഷൻ (SIR) 04.11.2025 ന് ആരംഭിച്ച എന്യൂമറേഷന്റെ ഭാഗമായി അങ്കണവാടി പ്രവർത്തകരെ ബൂത്ത് ലെവൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട് . ഈ സാഹചര്യത്തിൽ കീഴ് കാര്യാലങ്ങൾ സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടി പ്രവർത്തകരെ ബൂത്ത് ലെവൽ ഓഫീസർമാരായി നിയോഗിച്ചിട്ടുള്ള സ്ഥലങ്ങളിൽ അങ്കണവാടിയുടെ പ്രവർത്തനം തടസ്സപ്പെടുന്നില്ല എന്നും അങ്കണവാടി വഴി നല്കി വരുന്ന സേവനങ്ങൾ ഗുണഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നു എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

2. ബൂത്ത് ലെവൽ ഓഫീസറായി അങ്കണവാടി വർക്കർമാരെ നിയോഗിച്ചിട്ടുള്ള അങ്കണവാടികളിൽ സമീപ പ്രദേശത്തെ അങ്കണവാടിയിലെ വർക്കർക്ക് പ്രസ്തുത അങ്കണവാടിയുടെ വിവരങ്ങൾ പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നതിന് അധിക ചുമതല നൽകേണ്ടതാണ്.പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി നിയോഗിച്ചിരിക്കുന്ന ബ്ലോക്ക് കോർഡിനേറ്റർമാർ പ്രവർത്തകർക്കു സാങ്കേതിക സഹായം നല്കേണ്ടതും ആയത് ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ് .

3. ടി അങ്കണവാടികളിൽ പ്രീസ്കൂൾ കുട്ടികളുടെ അമ്മമാരുടെയും ALMSC യുടെയും സഹായ സഹകരണങ്ങൾ ആവശ്യാനുസരണം തേടാവുന്നതാണ്.

4 . ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ സൂചന പരിപത്രത്തിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

സോഫി ജേക്കബ്
അസിസ്റ്റന്റ് ഡയറക്ടർ
പെൻ നമ്പർ-457974
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

Copy to All DWCDOs, POs & CDPOs